# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3110 — 20.12.2012 ൽ മറുപടിക്ക്

## മരാമത്ത് വകുപ്പിന്റെ പ്രവർത്തന നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി:<br>" ജോസഫ് വാഴക്കൻ:<br>" സി.പി. മുഹമ്മദ്: | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മരാമത്ത് വകുപ്പിന്റെ പ്രവർത്തനം നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ 2012 ലെ പരിഷ്കരിച്ച മാനുവലിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രവർത്തികൾ നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തികൾ ഏറ്റെടുക്കുന്നുണ്ട്. ലോക ബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന KSTP പദ്ധതിയുടെ ഭാഗമായി ഓഫീസുകളും പ്രവർത്തനവും നവീകരിക്കുന്നതിന് യഥാസമയം പരിശീലനം നൽകി കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 01/01/2014 മുതൽ പൂർണ്ണമായും ഇലക്ട്രോണിക് സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് നടപടികൾ എടുത്ത് വരുന്നു. ഇ-ടെൻഡറിംഗ് സിസ്റ്റം കൂടുതൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവർത്തികൾക്കും ഇ-ടെൻഡറിംഗ് സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞു. |
| (ബി) ഇതിനായി പ്രത്യേക നയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;<br>(സി) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നയത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br>(ഡി) ഇതു സംബന്ധിച്ച രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (ബി) & (സി) & (ഡി) | ഇതിനായി സർക്കാർ നിയോഗിച്ച സമിതി സമഗ്രറോഡുനയത്തിന്റെ കരട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇതു വിശദമായി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ